നം. TM(1) 1166/2023.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
തീയതി.17/03/2023.

## സർക്കുലർ

വിഷയം: മൂല്യവർദ്ധിത കാർഷിക ഉൽപന്നങ്ങളുടെ വിപണനം - കൃഷി വകുപ്പിന്റെ Keralagro ബ്രാന്റിൽ കർഷകരുടെ/ സംരംഭകരുടെ/കൃഷിക്കൂട്ടങ്ങളുടെ/FPO -കളുടെ കാർഷികോൽപന്നങ്ങളുടെ ഓൺലൈൻ വിപണനം - ‘Online Product Challenge-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 13/03/2023 ലെ കൃഷി വകുപ്പ് സെക്രട്ടറിയുടെ CA2/APC/216/2013 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

കർഷകർ/കർഷക ഗ്രൂപ്പുകൾ/കൃഷിക്കൂട്ടങ്ങൾ/FPO-കൾ ഉത്പാദിപ്പിക്കുന്ന വിവിധ കാർഷികോൽപന്നങ്ങളുടെ വിപണനം ഊർജ്ജിതമാക്കി കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് വിവിധ കർമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കൃഷി വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ ഭാഗമായി "Keralagro എന്ന ഏകീകൃത ബ്രാൻഡിൽ കാർഷിക മൂല്യ വർദ്ധന ഉൽപന്നങ്ങൾ ഓൺലൈൻ വ്യാപാരം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വിപണനം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആദ്യ ഘട്ടത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ വിവിധ ഫാമുകളിലെ ഉൽപന്നങ്ങളുടെ ഓൺലൈൻ വ്യാപാരം "Keralagro ബ്രാൻഡിൽ ആരംഭിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ആയതിന്റെ രണ്ടാം ഘട്ടമായി ഓരോ കൃഷി ഭവൻ തലത്തിലും കർഷകർ/കർഷക ഗ്രൂപ്പുകൾ/ സംരംഭകർ/കൃഷിക്കൂട്ടങ്ങൾ/FPO എന്നിവർ കൃഷി വകുപ്പിന്റെ സഹായത്തോടെയോ സ്വന്തമായോ ഉൽപ്പാദിപ്പിക്കുന്ന വിവിധ കാർഷികോൽ പന്നങ്ങൾ "Keralagro എന്ന ബ്രാൻഡിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണനം ആരംഭിക്കുന്നതിനായുള്ള ‘Online Product Challenge-ന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിവിധ ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളിലൂടെ ‘Keralagro ബ്രാൻഡിൽ കാർഷികോൽപന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് ആരംഭിക്കുന്ന " Online Product Challenge-ൽ കർഷകർ/ സംരംഭകർ/ കൃഷിക്കൂട്ടങ്ങൾ/ FPO തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് കൃഷിഭവൻ തലത്തിൽ വ്യാപക പ്രചാരണം സംഘടിപ്പിക്കണം.
2. ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ " Online Product Challenge-ന് വ്യാപകമായ പ്രചാരണം നൽകണം.
3. ഒരു കൃഷി ഭവനിൽ നിന്നും കുറഞ്ഞത് ഒരു ഉൽപന്നം എന്ന കൃഷി വകുപ്പിന്റെ ആശയം കൃഷി ഓഫീസർമാർ/കൃഷി ഫീൽഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ‘Keralagro ബ്രാന്റിൽ

'ഒരു കൃഷി ഭവൻ ഒരു ഉൽപന്നം' ഉൾപ്പെടെയുള്ള കാർഷിക ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണനം സാധ്യമാക്കണം.

4. എല്ലാ കൃഷി ഓഫീസർമാർ/കൃഷി ഫീൽഡ് ഓഫീസർമാർ അതാത് കൃഷി ഭവൻ പരിധിയിലെ കർഷകർ/സംരംഭകർ/കർഷക ഗ്രൂപ്പുകൾ/കൃഷിക്കൂട്ടങ്ങൾ/FPO എന്നിവരുടെ നേതൃത്വത്തിൽ തയ്യാറാക്കി വിപണനം നടത്തുന്ന കാർഷികോൽപന്നങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കണം (Proforma I ഉള്ളടക്കം ചെയ്യുന്നു).

5. പ്രസ്തുത ലിസ്റ്റിൽ നിന്നും കൃഷി വകുപ്പിന്റെ 'Keralagro' ബ്രാൻഡിൽ ആമസോൺ/ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ കാർഷികോൽപന്നങ്ങൾ വിപണനം നടത്തുന്നതിന് താൽപര്യമുള്ള കർഷകർ/സംരംഭകർ/കർഷക ഗ്രൂപ്പുകൾ/കൃഷിക്കൂട്ടങ്ങൾ/FPO-കൾ എന്നിവരുടെ ലിസ്റ്റ് പ്രത്യേകം പരിശോധിച്ച് മലയാളത്തിൽ തയ്യാറാക്കി അതാത് ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് 31/03/2023-നകം നൽകണം. (Proforma II ഉള്ളടക്കം ചെയ്യുന്നു).

6. തുടർന്ന് അതാത് ബ്ലോക്ക് ലെവൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർമാർ തയ്യാറാക്കിയ ഓൺലൈൻ വിപണനത്തിന് തയ്യാറുള്ളവരുടെ ലിസ്റ്റ്/വിവരങ്ങൾ പരിശോധിച്ച് ബ്ലോക്ക് തലത്തിൽ ക്രോഡീകരിച്ച് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 05/04/2023-നകം നൽകണം.

7. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കൃഷി ഭവൻ തിരിച്ചുള്ള ഉൽപന്നങ്ങളുടെ ക്രോഡീകരിച്ച ബ്ലോക്ക്തല ലിസ്റ്റ് നിശ്ചിത പ്രൊഫോർമയിൽ 11/04/2023- നകം കൃഷി ഡയറക്ടറേറ്റിൽ സോഫ്റ്റ് കോപ്പി സഹിതം directorofmarketingagri@gmail.com എന്ന ഇ-മെയിലിൽ ലഭ്യമാക്കണം ( (Proforma I & Proforma II).

8. കേരളത്തിൽ രൂപീകൃതമായ വിവിധ FPO-കൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ 'Keralagro' ബ്രാൻഡിൽ വിപണനം നടത്തുന്നതിനായുള്ള നടപടികൾ SFAC മാനേജിംഗ് ഡയറക്ടർ പ്രത്യേകം സ്വീകരിക്കണം.

9. ഓൺലൈൻ വിപണനത്തിൽ താൽപര്യമുള്ള FPO-കളുടെ ഉൽപന്നങ്ങളുടെ വിവരങ്ങൾ അതാത് ആത്മ പ്രോജക്ട് ഡയറക്ടർമാർ നിശ്ചിത പ്രൊഫോർമയിൽ SFAC മാനേജിംഗ് ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

10. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ ബ്ലോക്കുകളുടെ ചുമതലയുള്ള നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും ഓരോ ദിവസവും "Online Product Challenge" -ന്റെ ഭാഗമായുള്ള ഉത്പന്നങ്ങളുടെ/ ഉത്പാദകരുടെ വിവരങ്ങൾ ശേഖരിച്ചതിന്റെ പുരോഗതി അവലോകനം ചെയ്ത് പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന വിവരങ്ങൾ കൃഷി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

11. കൃഷി ഡയറക്ടർ 5 ദിവസത്തിലൊരിക്കൽ "Online Product Challenge"ന്റെ പുരോഗതി അവലോകനം ചെയ്യുന്നതാണ്.

12. "Online Product Challenge" ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന്റെ ജില്ലാതല നോഡൽ ഓഫീസർ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ആയിരിക്കും

13. "Keralagro" ബ്രാന്റിൽ ഓൺലൈൻ വിപണനത്തിന് തയ്യാറുള്ള ഉൽപന്നങ്ങൾ / ഉല്പാദകർക്ക് താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം / നടപടിക്രമങ്ങൾ പൂർത്തിയായിരിക്കണം.

i. ഉപഭോക്താക്കളുടെ ആവശ്യകത അനുസരിച്ച് ഉല്പാദകർ ഉല്പന്നങ്ങൾ വിതരണത്തിന് ലഭ്യമാക്കുവാൻ സന്നദ്ധരായിരിക്കണം.

ii. ഉല്പന്നത്തിന്റെ ഗുണമേന്മ, ലേബലിൽ രേഖപ്പെടുത്തിയിട്ടുള്ള Nutrition Facts, ഉല്പന്നത്തിന്റെ കാലാവധി, അളവ് തുടങ്ങിയ വിവരങ്ങളുടെ ആധികാരികത തുടങ്ങിയവ ഉല്പാദകർ ഉറപ്പാക്കേണ്ടതാണ്.

iii. ഉൽപന്നങ്ങളുടെ (Consumables)-ന്റെ Nutritional facts and ingredients എന്നിവ അംഗീകൃത ലാബുകളിൽ പരിശോധിച്ച് ഉറപ്പ വരുത്തിയതിന്റെ സർട്ടിഫിക്കറ്റ്.

iv ഖണ്ഡിക (iii)-ലെ പ്രസ്തുത വിവരങ്ങൾ ഉല്പന്നങ്ങളുടെ ലേബലിൽ ഉൾക്കൊള്ളിച്ചിരിക്കണം.

v. ഉൽപന്നങ്ങൾ മാനദണ്ഡങ്ങൾ പാലിച്ച് പാക്ക് ചെയ്ത് തയ്യാറാക്കിയത് വിതരണത്തിനുള്ള പിക്കപ്പ് പോയിന്റിന്റെ പൂർണ്ണ മേൽവിലാസം (പിൻകോട്, ഫോൺ നമ്പർ സഹിതം)

vi. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

vii. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

viii. FSSAI രജിസ്ട്രേഷൻ

sd/-

കൃഷി ഡയറക്ടർ

C.M. SHERLY
Deputy Director of Agriculture (Marketing)
Directorate of Agriculture
Vikas Bhavan, Thiruvananthapuram-695033

ട

1.എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2.എല്ലാ പ്രോജക്ട് ഡയറക്ടർ (ആത്മ) -മാർക്കും
3.മാനേജിംഗ് ഡയറക്ടർ, എസ്.എഫ്.എ.സി

പകർപ്പ്

1.എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
2.എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും (HQ)
3.പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
4.കൃഷി ഡെപ്യൂട്ടി ഡയറക്ടർ (I T സെൽ ) പ്രൊഫോർമ ഗൂഗിൾ ഫോമിലാക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

## പ്രോഫോർമ -I

### കൃഷി വകുപ്പിന്റെ "Product Challenge" -ന്റെ ഭാഗമായുള്ള ഉല്പന്നങ്ങളുടെ പ്രാഥമിക വിവര ശേഖരണ റിപ്പോർട്ടിന്റെ മാതൃക

| ജില്ല | ബ്ലോക്ക് | കൃഷിഭവൻ | കർഷകൻ /സംരംഭകൻ / കൃഷിക്കൂട്ടം / കർഷക ഗ്രൂപ്പ് / FPO (വിലാസം, ഫോൺ നമ്പർ സഹിതം) | ഉല്പന്നത്തിന്റെ വിവരങ്ങൾ | | | പ്രതിമാസ ഉല്പാദന ശേഷി (kg / ltr / No.) | നിലവിലെ ഉല്പാദനം | |
|---|---|---|---|---|---|---|---|---|---|
| | | | | വിള | ഉല്പന്നം | പേര് | | പ്രതിമാസം (kg / ltr / No.) | വർഷം (kg / ltr / No.) |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

പ്രോഫോർമ -II

"Keralagro" ബ്രാന്റിൽ ഓൺലൈൻ വിപണനത്തിന് തയ്യാറുള്ള ഉല്പന്നങ്ങൾ / ഉല്പാദകരുടെ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

| ജില്ല | ബ്ലോക്ക് | കൃഷിഭവൻ | കർഷകൻ /സംരംഭകൻ / കൃഷിക്കൂട്ടം / കർഷക ഗ്രൂപ്പ് / FPO (വിലാസം, ഫോൺ നമ്പർ സഹിതം) | ഉല്പന്നത്തിന്റെ വിവരങ്ങൾ | | |
|---|---|---|---|---|---|---|
| | | | | വിള | ഉല്പന്നം | പേര് |
| | | | | | | |
| | | | | | | |
| | | | | | | |